# സാങ്കേതിക പദ-ശബ്ദകോശം

(ഇംഗ്ലീഷ് - മലയാളം)

വകുപ്പ് തലത്തിലുള്ള പരിഭാഷാ സമിതി തയ്യാറാക്കിയ ഭരണഭാഷ പദാവലി

ജലസേചന വകുപ്പ് തിരുവനന്തപുരം
2026

## പദകോശ സമാഹരണത്തിന് സഹായകരമായ ഗ്രന്ഥങ്ങൾ

ശ്രീ.വി.ബി.പ്രിയാണിയുടെ 'ദി ഫണ്ടമെന്റൽ പ്രിൻസിപ്പിൾസ് ഓഫ് ഇറിഗേഷൻ എഞ്ചിനീയറിംഗ്'

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'സിവിൽ എഞ്ചിനീയറിംഗ്'

ശ്രീ. എൻ.സി.പിള്ളയുടെ 'ഇംഗ്ലീഷ് - ഇംഗ്ലീഷ്-മലയാളം നിഘണ്ടു'

ശ്രീ.എ.എസ്.ഹോൺബിയുടെ 'ഷോർട്ടർ ഓക്സ്ഫോർഡ് ഡിക്ഷണറി

ശ്രീ.സി.ഇ.ഫ്രെഡറിക് സ്വീങ്ങ് ക്രിസ്പിൻ എഴുതിയ 'ഡിക്ഷണറി ഓഫ് ടെക്നിക്കൽ ടേംസ്.

യുഗരശ്മി പബ്ലിക്കേഷൻസിന്റെ "ഇല്ലസ്ട്രേറ്റഡ് ചിൽഡ്രൻസ് ഇംഗ്ലീഷ്-മലയാളം-തമിഴ്-ഹിന്ദി-അറബിക് -പഞ്ചഭാഷാ നിഘണ്ടു"

മദ്രാസ് ഗവൺമെന്റ് ലീഗൽ ഡിപ്പാർട്ട്മെന്റിന്റെ കൊ:വ: '1090 ലെ തോട് സർക്കാർ കടവ് ആക്ട്'

തുടങ്ങിയ പുസ്തകങ്ങൾ പദകോശ നിർമ്മാണത്തിന് സഹായകമായിട്ടുണ്ട്.

## പദകോശം തയ്യാറാക്കുന്നതിൽ പങ്കാളികളായ ജീവനക്കാർ

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ കാര്യാലയത്തിലെ ഔദ്യോഗിക ഭാഷാസമിതി അംഗങ്ങളായിരുന്ന ശ്രീ.എൻ.വി ഫിലിപ്പ്, ശ്രീ.വി.എസ്. ഓമനക്കുട്ടൻ, ശ്രീ.ആർ. ശശീന്ദ്രക്കുറുപ്പ്, ശ്രീമതി.ജി.ഇന്ദിര, ശ്രീ.എ.രാമചന്ദ്രൻ നായർ, ശ്രീ.ജി.സൂരജ്കുമാർ, ശ്രീ.എം.എസ്.ഷാജഹാൻ, ശ്രീ. വി.ഹരിലാൽ എന്നീ ഉദ്യോഗ സ്ഥർ ഭാഷാമാറ്റം നടത്തി നൽകിയ പദങ്ങളും ഈ പരിഭാഷാ പ്രവർത്തനത്തിന് സഹായകമായി.

കൂടാതെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ കാര്യാലയത്തിലെ പരിഭാഷാ സമിതി അംഗങ്ങളായിരുന്ന ഉദ്യോഗസ്ഥരും ഈ പദകോശം പ്രസിദ്ധീകരിക്കുന്നതിൽ പങ്ക് വഹിച്ചു.

## അവതാരിക

കേരള ജനതയുടെ ആശയ വിനിമയോപാധിയായ മലയാള ഭാഷ, ഭരണരംഗത്തിന്റെ എല്ലാ മേഖലയിലും ഉപയോഗിക്കപ്പെടുമ്പോഴാണ് പൂർണ്ണത കൈവരിക്കപ്പെടുന്നത്. ഭരണ ഭാഷ എന്നാൽ സർക്കാരിന്റെ പ്രവർത്തന പരിപാടികൾ സാധാരണ ജനങ്ങൾക്ക് മനസിലാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗമാകുന്നു. കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മലയാളം കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കപ്പെട്ട ശേഷവും ഭരണതലത്തിൽ പലപ്പോഴും ഔദ്യോഗികമായി ആംഗലേയ ഭാഷ ഉപയോഗിച്ചു കാണുന്നത് ഖേദകരമാണ്. പൊതുജീവിതത്തിലെ വിനിമയ ഭാഷയും, ഭരണ ഭാഷയും ഏക സ്വഭാവത്തിലെത്തുമ്പോഴാണ് സംസ്കാരവും ജനാധിപത്യവും സംരക്ഷിക്കപ്പെടുന്നത്.

ജലസേചന വകുപ്പിൽ ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തര വുണ്ടായത് 1993 ലാണ്. അതിന് മുൻപ് കേരള സർക്കാർ പ്രസിദ്ധീകരിച്ച ഭരണ ശബ്ദകോശവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഭരണഭാഷാ ശബ്ദാവലിയും ആണ് ഈ വിഷയത്തിൽ മാർഗ്ഗ നിർദ്ദേശകമായത്. എന്നാൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു വകുപ്പുതല പദകോശം ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഫയലുകൾ 100% മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യണമെന്ന കർശന നിർദ്ദേശം സർക്കാരിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന ലക്ഷ്യ ത്തിലെത്താൻ ഈ വകുപ്പുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങളുടെ അഭാവം കാലതാമസം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ വകുപ്പുതല സാങ്കേതിക പദകോശം അനിവാര്യമായിരിക്കുന്നു.

ഇപ്പോൾ പ്രയോഗിച്ചുവരുന്ന ഇംഗ്ലീഷ് സാങ്കേതിക പദങ്ങൾ പൂർണ്ണമായും മലയാളീകരിക്കുന്നതിന് പരിമിതികളേറെയുണ്ട്. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് വരെ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ ഭരണഭാഷ മലയാളമായിരുന്നു.

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷവും പല മേഖലയിലും ഭരണഭാഷ ഇംഗ്ലീഷ് ഭാഷ തന്നെ തുടർന്നു എന്നത് ഖേദകരമാണ്. അതുകൊണ്ട് തന്നെ സാങ്കേതിക പദങ്ങളെല്ലാം ഇംഗ്ലീഷിൽ തന്നെ ഉപയോഗിക്കേണ്ടി വന്നു. ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന സാങ്കേതിക പദങ്ങളെല്ലാം തന്നെ മലയാളത്തിലേയ്ക്ക് മാറ്റുന്നതിന് പര്യാപ്തമായ ലളിത മലയാള പദങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. അനുയോജ്യമായ പദങ്ങളുടെ അഭാവത്തിൽ സാങ്കേതിക പദങ്ങൾ മലയാള ലിപിയിൽത്തന്നെ ഉപയോഗിക്കുന്നതായിരിക്കും ഉചിതം എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനായി സർക്കാർ നിർദ്ദേശം നിലവിലു ള്ളതിനാൽ ജലസേചന വകുപ്പിൽ എഴുത്തുകുത്തുകൾക്ക് സാധാരണയായി ഉപയോ ഗിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവും അല്ലാത്തതുമായ ആംഗലേയ പദങ്ങളും അവയ്ക്ക് സമാനമായ മലയാള പരിഭാഷയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്.

"വായ്മൊഴി" (സംഭാഷണഭാഷ) യായും "വരമൊഴി" (എഴുത്തുഭാഷ) യായും മലയാളത്തെ ജീവിതത്തിന്റെ സമസ്ത. മണ്ഡലങ്ങളിലും സാർവ്വത്രികമായി ഉപയോഗിക്കാൻ നാം തയ്യാറാവുന്നതോടെ മാത്രമേ, നമ്മുടെ സംസ്കാരത്തിന്റെ അന്തസത്ത നിലനിർത്താനാകുകയുള്ളൂ. മലയാളം നമ്മുടെ ഭരണ ഭാഷ എന്ന ആശയം പ്രചരിപ്പിക്കുന്നതിനും, ഭാഷാമാറ്റപുരോഗതി വർദ്ധിപ്പിക്കുന്നതിനും എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ബിനോയ് ടോമി ജോർജ്
ചീഫ് എഞ്ചിനീയർ
ജലസേചനവും ഭരണവും
തിരുവനന്തപുരം

**ബിനോയ് ടോമി ജോർജ്ജ്**
പെൻ: 508654
ചീഫ് എഞ്ചിനീയർ
ജലസേചനവും ഭരണവും
തിരുവനന്തപുരം

## കേരള ജലവിഭവ വകുപ്പിൽ ജലസേചനവുമായി ബന്ധപ്പെട്ട് സാധാരണ ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങളുടെ മലയാള പരിഭാഷ

### (ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ)

| **A** | |
|---|---|
| *Abrasives* | ഉരവസ്തുക്കൾ |
| *Absorption* | ആഗീരണം |
| *Abstract of tender* | ദർഘാസ് സംക്ഷേപം, ടെൻഡർ സംക്ഷേപം |
| *Abstract* | സംക്ഷേപം, സംഗ്രഹം |
| *Abutment* | താങ്ങുകെട്ട്, വശങ്ങളിലെ കെട്ട് |
| *Acceptable* | സ്വീകാര്യമായ |
| *Acidity* | അമ്ളത |
| *Accurate* | കൃത്യമായ |
| *Aqueduct* | നീർപ്പാലം |
| *Acquisition* | ഉടമസ്ഥാവകാശം സ്ഥാപിക്കൽ, ഏറ്റെടുക്കൽ |
| *Act* | ആക്ട്. |
| *Acute Arch* | ന്യൂനകോണിലുള്ള കമാനം |
| *Adaptation* | അനുയോജനം, അനുകൂലനം |
| *Adequacy* | പര്യാപ്തത, തികവ് |
| *Adhesion* | കൂടിച്ചേരൽ |
| *Adjacent* | സമീപത്തുള്ള |
| *Administrative Sanction* | ഭരണാനുമതി |
| *Advance slip* | മുൻകൂർ ചീട്ട് |
| *Advertisement* | പരസ്യം |
| *Afflux* | ജലോന്നതി |
| *Agenda* | കാര്യപരിപാടി, അജണ്ട |
| *Aggregate* | കൂടികലർന്ന, കൂട്ടം, ഒന്നിച്ചുചേർക്കുക |
| *Agriculture* | കൃഷി, കാർഷികം |
| *Air cavity* | വായു അറ |
| *Air duct* | വായുകുഴൽ |
| *Air tight* | വായുരഹിതം |
| *Alignment* | നേർരേഖയിലാക്കൽ |

| | |
|---|---|
| *Alkali* | ക്ഷാരം |
| *Alkalinity* | ക്ഷാരത |
| *Allegation* | ആരോപണം |
| *Allotment* | നിർദ്ദിഷ്ടഭാഗം അനുവദിക്കൽ, നീക്കിവെയ്ക്കൽ |
| *Alluvial Soil* | എക്കൽ മണ്ണ് |
| *Alluvial Stream* | എക്കൽ അരുവി |
| *Altitude* | ഉന്നത ശീർഷം/സ്ഥാനം, ഉന്നതി |
| *Alum* | പടിക്കാരം |
| *Amendment* | ഭേദഗതി |
| *Analysis* | അപഗ്രഥനം, വിശകലനം |
| *Angular distance* | കോൺദൂരം |
| *Annual flood* | വാർഷിക വെള്ളപ്പൊക്കം |
| *Annual plan* | വാർഷിക പദ്ധതി |
| *Annual rings* | വാർഷിക വലയങ്ങൾ |
| *Anti-sea incursion* | കടലാക്രമണ പ്രതിരോധം |
| *Anticipated expenditure* | പ്രതീക്ഷിത വ്യയം/ചെലവ് |
| *Anti clock wise* | അപ്രദക്ഷിണം |
| *Apex* | ശീർഷം |
| *Apparatus* | ഉപകരണം, |
| *Appearance* | പുറംകാഴ്ച |
| *Appendix* | അനുബന്ധം |
| *Application* | പ്രയോഗം, അപേക്ഷ |
| *Appraisal* | വിലനിശ്ചയിക്കൽ |
| *Approach road* | അനുബന്ധനിരത്ത്, അനുബന്ധറോഡ് |
| *Appropriate value* | ഉചിതമായ വില |
| *Appropriation* | വിനിയോഗിക്കൽ |
| *Apron* | ഏപ്രൺ, ഉപരിവസ്ത്രം. |
| *Aqua* | ജലസംബന്ധിയായ |
| *Aqueduct* | കനാൽ, ഓവ് |
| *Aqueous* | ജലമിശ്രം, ജലസംബന്ധിയായ |
| *Acanifer* | ജലപാളി |
| *Arbitary method* | സാമാന്യരീതി |
| *Arbitration* | മദ്ധ്യസ്ഥത |
| *Arboriculture* | വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും പരിപാലനവും, വൃക്ഷകൃഷി, വൃക്ഷ സംരക്ഷണം. |
| *Arc* | ചാപം |
| *Arch bridge* | കമാനപ്പാലം |
| *Arch dam* | കമാന അണക്കെട്ട് |
| *Arches* | കമാനങ്ങൾ |

| | |
|---|---|
| *Area* | വിസ്തീർണ്ണം |
| *Area of influence* | സ്വാധീന മേഖല |
| *Area velocity method* | വിസ്തീർണ്ണ പ്രവേഗ രീതി |
| *Argillaceous* | മൃൺമയ പാറകൾ |
| *Arid* | വരണ്ട പ്രദേശം |
| *Arid Climate* | വരണ്ട കാലാവസ്ഥ |
| *Armour* | പടച്ചട്ട, രക്ഷാകവചം |
| *Artificial reef* | കൃത്രിമപ്പാരുകൾ |
| *Asbestos* | ആസ്ബസ്റ്റോസ്, സിമന്റു പലകകൾ |
| *Ashlar* | ചെത്തുകല്ല് |
| *Ashlars Masonary* | അലങ്കാര കൽപ്പണി |
| *Assessment* | കണക്കാക്കൽ, നിർണ്ണയിക്കൽ |
| *Asset* | ആസ്തി |
| *Assimilation* | ഉൾക്കൊള്ളൽ, ഉൾച്ചേർക്കൽ |
| *Atmospheric weathering* | വായുമണ്ഡല കാലാവസ്ഥ |
| *Attrition wells* | ജലമർദ്ദിത കിണറുകൾ |
| *Auction* | ലേലം |
| *Authorisation* | അധികാരപ്പെടുത്തൽ |
| *Avalanche* | ഹിമപാതം |
| *Average annual flood* | ശരാശരി വാർഷിക വെള്ളപ്പൊക്കം |
| *Average annual rain fall* | ശരാശരി വാർഷിക വർഷപാതം |
| *Average demand* | ശരാശരി ആവശ്യകത |
| *Axis* | അക്ഷം,അച്ചുതണ്ട് |
| *Ayacut* | ജലസേചിത പ്രദേശം |
| **B** | |
| *Back fill* | നിറയ്ക്കൽ (മണ്ണ്. കല്ല്) |
| *Baffle wall* | കുറുഭിത്തി |
| *Ball bearing* | ഗോളക ആധാരം |
| *Ball clay* | ഉരുള കളിമണ്ണ് |
| *Ball test* | ബാൾ പരീക്ഷണം (സിമന്റ്) |
| *Ballast* | വലുപ്പമുള്ള കല്ലുകൾ, അടിഭാരമിടുക |
| *Bamboo* | മുള |
| *Bandhara Irrigation* | കാലവർഷ ജലസേചനം |
| *Banks* | കരകൾ |
| *Bark* | മരത്തൊലി (പട്ട) |
| *Barrage* | അണക്കെട്ട് |
| *Basalt* | കൃഷ്ണശില |

| | |
|---|---|
| *Base flow* | അടിവാര പ്രവാഹം |
| *Basement* | അടിസ്ഥാനം/അസ്ഥിവാരം |
| *Basis* | അടിസ്ഥാനം |
| *Battened* | കുറുകെ |
| *Beach nourishment* | തീരം പുഷ്ടിപ്പെടുത്തൽ |
| *Beading* | വശങ്ങളിലെ തള്ള് |
| *Beam* | തുലാം, ഉത്തരം |
| *Bearing strata* | അവസ്ഥാപാളി |
| *Bearing* | താങ്ങുന്ന |
| *Bed* | പ്രതലം |
| *Bed load* | അടിത്തറ നിക്ഷേപം |
| *Berm* | കോട്ടമതിൽ |
| *Bifurcated stair case* | ഇരുവഴിക്കോണി |
| *Billing* | ബില്ലുതയ്യാറാക്കൽ |
| *Bio diversity* | ജൈവവൈവിധ്യം |
| *Bio fencing* | ജൈവവേലി |
| *Bi section* | സമഭാഗം |
| *Bitumen* | കീല്, ടാർ |
| *Black cotton soil* | കറുത്ത പരുത്തിമണ്ണ് |
| *Black list* | കരിമ്പട്ടിക |
| *Black smith* | കൽപ്പണിക്കാരൻ |
| *Blasting* | സ്ഫോടനം |
| *Blue print* | രൂപരേഖാചിത്രം |
| *Boat driver* | ബോട്ട് ഡ്രൈവർ |
| *Bolt* | ഓടാമ്പൽ |
| *Bond* | ദൃഢബന്ധം |
| *Boring* | തുളയിടൽ |
| *Borrow pit* | മാന്തുകുഴി |
| *Bow string girder bridge* | വില്ലുപാലം |
| *Boxing* | പുറംചട്ടയിടൽ |
| *Brackish water* | ഉപ്പുരസമുള്ള ജലം |
| *Branch Canal* | ശാഖാ തോട് |
| *Breach* | ലംഘനം |
| *Breaching* | അടർന്നുപോകൽ |
| *Breadth* | വീതി |
| *Break water* | തിരമാലാരോധികൾ, കടൽഭിത്തി |
| *Brick* | ഇഷ്ടിക |
| *Brick jelly* | മുറി ഇഷ്ടികകൾ |

| | |
|---|---|
| *Brick layer scaffolding* | ഇഷ്ടിക പണിച്ചാരം |
| *Bridge* | പാലം |
| *Bridle* | നിയന്ത്രണം |
| *Broad crested weir* | വീതിയേറിയ അണ(ചെറുത്) |
| *Budget speech* | ബജറ്റ് പ്രസംഗം |
| *Building* | കെട്ടിടം |
| *Bulking* | സ്ഥൂലത |
| *Bulletin* | ഔദ്യോഗിക അിറയിപ്പ്, ബുള്ളറ്റിൻ |
| *Bund* | വശക്കെട്ട്, അണ |
| *Buoyancy* | പ്ളവനക്ഷമത |
| *Buttress dam* | ജലനിർഗമന അണ |
| *By virtue of office* | ഉദ്യോഗം നിമിത്തം. |
| ***C*** | |
| *Caisson* | കയ്സോൺ |
| *Calcareous* | കാൽസ്യമയമായ |
| *Calculation* | കണക്കുകൂട്ടൽ |
| *Calculus* | കാൽക്കുലസ് |
| *Calibration* | വിസ്താരം നിർണ്ണയിക്കൽ |
| *Call money* | ആവശ്യപ്പെടുമ്പോൾ അടയ്ക്കേണ്ട തുക |
| *Camber* | ക്രമാനുഗതമായ ചരിവ് |
| *Cambium layer* | കാംബിയംനിര |
| *Canal* | തോട്, കനാൽ |
| *Cantilever* | കൈത്താങ്ങ് |
| *Canvas* | കപ്പൽപ്പായ, കട്ടിത്തുണി |
| *Capacity* | സംഭരണശേഷി, ക്ഷമത |
| *Capillarity* | കേശികത്വം |
| *Capital Cost* | മൂലധനച്ചെലവ് |
| *Carpenter* | മരപ്പണിക്കാരൻ |
| *Carpet area* | ഉപയുക്ത വിസ്തീർണ്ണം |
| *Carrying capacity* | വാഹകശേഷി |
| *Cashed cheque* | പണം വാങ്ങിയ ചെക്ക് |
| *Cast iron* | വാർപ്പിരുമ്പ് |
| *Cast-in-situ* | സ്ഥലത്ത് വാർത്തത് |
| *Casuarinas* | കാറ്റാടിക്കഴ |
| *Catchment area* | വൃഷ്ടിപ്രദേശം |
| *Category* | വിഭാഗം |
| *Cavity* | പൊള്ള |

| | |
|---|---|
| Ceiling Tiles | മച്ചോടുകൾ |
| Ceiling | മച്ച്, തട്ട് |
| Cellula | കോശമയം |
| Cement | സിമന്റ് |
| Cement mortar | സിമന്റ് ചാന്ത് |
| Centering | തട്ട് താങ്ങൽ |
| Centerline | നടുവര |
| Centre of gravity | ഗുരുത്വകേന്ദ്രം |
| Centrifugal force | അപകേന്ദ്രബലം |
| Centripetal force | അഭികേന്ദ്രബലം |
| Certificate | സാക്ഷ്യപത്രം |
| Chalk | ശീമച്ചുണ്ണാമ്പ്, ചോക്ക് |
| Chamfered ashlar | അലങ്കാര കൽപ്പണി |
| Channels | നിർമ്മിത തോടുകൾ |
| Channel storage | സരണി സംഭരണം |
| Charcoal | കരിക്കട്ട |
| Charged expenditure | ചുമത്താവുന്ന ചെലവ് |
| Chart | പട്ടിക |
| Checks | പൊട്ടലുകൾ |
| Chief Engineer | ചീഫ് എഞ്ചിനീയർ |
| Chief Inspector | മുഖ്യപരിശോധകൻ |
| China clay | ചീനക്കളിമണ്ണ് |
| Chute spillway | ചൂട്ട് ഉത്പ്ലാവ മാർഗ്ഗങ്ങൾ |
| Circulation | വ്യാപനം |
| Circumstantial | സാന്ദർഭികമായ |
| Cistern | ചെറുസംഭരണി |
| Civil Engineer | സിവിൽ എഞ്ചിനീയർ |
| Clamp | ക്ലാമ്പ് |
| Classification | തരംതിരിക്കൽ |
| Clay pipe | കളിമൺകുഴൽ |
| Clear span | ശരിതുറപ്പ് |
| Cleavage | ഭംഗം, പിളർപ്പ്, വിള്ളൽ |
| Clod | മൺകട്ട |
| Coagulate | ഉറഞ്ഞുകൂടൽ |
| Coal | കൽക്കരി |
| Coarse sand | പരുക്കൻ മണ്ണ് |
| Co-axial | ഏകാക്ഷകം |
| Co efficient of expansion | വികാസ ഗുണാംശം. |

| | |
|---|---|
| Coffer dam | ചെറുഅണ |
| Cohesion | ഒട്ടിപ്പിടിക്കൽ |
| Coil | ചുരുൾ |
| Collapsible | ചെറുതാക്കാവുന്ന |
| Coloured Cement | വർണ്ണ സിമന്റ് |
| Column | സ്തംഭം |
| Combined footing | സംയോജിത അടിക്കെട്ട് |
| Combustible | ജ്വലിക്കുന്ന |
| Command-area | അർഹതാപ്രദേശം (ജലസേചിത പ്രദേശം) |
| Commencement of work | പ്രവൃത്യാരംഭം, പ്രവൃത്തി ആരംഭിക്കൽ |
| Commit | ചുമതലപ്പെടുത്ത്ൽ |
| Compaction | അടിച്ചുറപ്പിക്കൽ |
| Comparative statement | താരതമ്യസ്ഥിതിവിവരം |
| Compass | വടക്കുനോക്കിയന്ത്രം |
| Competent authority | ക്ഷമതയുള്ള അധികാരി |
| Completion Certificate | പൂർത്തീകരണ സാക്ഷ്യപത്രം |
| Composite dam | സമ്മിശ്ര അണക്കെട്ട് (കല്ലും കോൺക്രീറ്റും) |
| Concave | നതമദ്ധ്യം (അകം കുഴിവുള്ള) |
| Concentric | ഏകകേന്ദ്രമുള്ള |
| Concrete | കോൺക്രീറ്റ് |
| Confiscation | കണ്ടുകെട്ടൽ |
| Conjugate | അനുബന്ധം |
| Consistency | പൊരുത്തം |
| Consolidation | ഘനീകരണം (ഉറപ്പിക്കൽ), സംയോജനം |
| Constant | സ്ഥിരമായ |
| Constituent | ഘടകം |
| Contingency fund | ആകസ്മികനിധി |
| Contract | കരാർ |
| Contravention of act | നിയമലംഘനം |
| Convex | ഉന്മദ്ധ്യം (അകംഉയർന്ന) |
| Conveyance | കൈമാറ്റം, അയച്ചുകൊടുക്കൽ |
| Convolute | സങ്കീർണ്ണം |
| Coping | വെച്ചുപിടിപ്പിക്കൽ |
| Corbel | തള്ളിക്കെട്ട് |
| Core-wall | കാതൽഭിത്തി |
| Corridor | ഇടനാഴി |
| Corrosion | തുരുമ്പ് |
| Corrugated tile | ചാലുള്ള ഓട് |

| | |
|---|---|
| *Cost* | വില, ചെലവ് |
| *Counter weight* | പ്രതിഭാരം |
| *Couple Close roof* | ഇരട്ട മേൽക്കൂര |
| *Course* | നിര (അട്ടി) |
| *Coursed rubble masonary* | വരിയൊത്ത കരിങ്കൽപ്പണി |
| *Cracks* | വിള്ളലുകൾ |
| *Craft* | കൈപ്പണി, വള്ളം |
| *Crane* | ഉയർത്തൽ യന്ത്രം |
| *Crank* | പ്രധാന യന്ത്രം |
| *Credit* | ലഭ്യം, നിലവിലുള്ളത് |
| *Crest gates* | ഉച്ചിക്കവാടങ്ങൾ |
| *Crevices* | വിള്ളലുകൾ |
| *Crop period* | വിളവുകാലം |
| *Cross-staff* | ക്രോസ്-സ്റ്റാഫ് |
| *Cross-bar* | കുറുക്കുകെട്ട് |
| *Cross-section* | പരിഛേദം |
| *Crusher* | ഉടയ്ക്കൽ യന്ത്രം |
| *Cube* | ഘനമാനം |
| *Culturable land* | കൃഷിയോഗ്യപ്രദേശം |
| *Culvert* | കലുങ്ക് |
| *Cumecs* | ജലഘന അളവ് (ക്യൂബിക് മീറ്റർ/സെക്കന്റ് ജലം) |
| *Curing* | നനയ്ക്കുക |
| *Curvature* | വക്രത |
| *Curtain wall* | മറച്ചുവരുകൾ |
| *Curve* | വളവ് |
| *Cut-off wall* | വേർപെടുത്തൽ ഭിത്തി |
| *Cut-water* | ജലഛേദം (പാലത്തിനടിയിൽ) |
| *Cutlery* | മൂർച്ചയുള്ള സാമഗ്രി |
| *Cut-stone dressing* | ചെത്തുകല്ല് മിനുക്കൽ |
| *Cutting* | വെട്ടിയെടുത്ത |
| *Cycle* | ആവൃത്തി |
| *Cylinder* | സിലിണ്ടർ |
| **D** | |
| *Dampness* | ആർദ്രത |
| *Damp proof course* | കിനിവ് നിരോധക നിര |
| *Data* | ആധികാരിക വിവരം |
| *Daula* | ചെറിയ മൺഭിത്തി (തിട്ട) |

| | |
|---|---|
| Debris | അവശിഷ്ടങ്ങൾ |
| Debts | ബാദ്ധ്യതകൾ |
| Decentralization | വികേന്ദ്രീകരണം |
| Deckbridge | തട്ടുപാലം |
| Deck slab | ഉപരി സ്ലാബ് |
| Declination | അപഭ്രംശം |
| Deduction | കുറയ്ക്കൽ |
| Degree of freedom | സ്വാതന്ത്ര്യമാനം |
| Delivery head | പുറംതള്ളൽ ഭാഗം |
| Delta | നദീ നിക്ഷേപ തുരുത്ത് |
| Demurrage | വിളംബ ചുങ്കം, താമസക്കൂലി |
| Dense | സാന്ദ്രം |
| Density | സാന്ദ്രത |
| Dependable Flow | വിശ്വസനീയ പ്രവാഹം |
| Deposit | നിക്ഷേപം |
| Depreciation | തേയ്മാനം |
| Depression | മാന്ദ്യം, ഇടിവ് |
| Design | രൂപകൽപ്പന |
| Design flood | വെള്ളപ്പൊക്ക രൂപകൽപ്പന |
| Desirable | ഉചിതമായത് |
| Detailed estimate | വിശദമായ അടങ്കൽ, വിശദമായ എസ്റ്റിമേറ്റ്. |
| Detailed investigation | വിശദ അന്വേഷണം |
| Detallation | പണാപഹരണം |
| Detonator | സ്ഫോടന സഹായി |
| Deviation Statement | വ്യതിചലന പത്രിക |
| Device | ഉപകരണം |
| Dewatering | വെള്ളം വറ്റിക്കൽ |
| Diagonal | വികർണ്ണം |
| Diagonal bond | വികർണ്ണ ബോണ്ടുകൾ |
| Differentiation | വേർതിരിക്കൽ |
| Dig | കുഴിക്കൽ |
| Dimension | അളവുകൾ |
| Dietrix | നിയതരേഖ |
| Disaster | ദുരന്തം |
| Disbursement | വിതരണം(ചെലവഴിക്കൽ) |
| Discharge | പ്രവാഹതോത് |
| Dissolved oxygen | അലിഞ്ഞുചേർന്ന ഓക്സിജൻ |
| Distribution | വിതരണം |

| | |
|---|---|
| *Distributory* | *വിതരണ കൈത്തോട്* |
| *Divergence* | *അകൽച്ച, യോജിപ്പില്ലാത്തത്, വിഭജനം* |
| *Diversion* | *തിരിച്ചുവിടൽ* |
| *Diversion dams* | *ഗതിമാറ്റ അണക്കെട്ടുകൾ* |
| *Division* | *വിഭാഗം* |
| *Doglegged staircase* | *നായ്ക്കാലൻ കോണി* |
| *Double wall cofferdam* | *ഇരട്ടച്ചുമർ കോഫർ ഡാം* |
| *Dowel bar* | *ബലദണ്ഡുകൾ* |
| *Downstream* | *കീഴ് വാർച്ച* |
| *Draft* | *കരട്* |
| *Drain pipe* | *കാനക്കുഴൽ* |
| *Drainage* | *അഴുക്കുചാൽ, ഒഴുക്കിവിടൽ* |
| *Drawing* | *വരവ്* |
| *Dredging* | *കുഴിക്കൽ/മാന്തൽ* |
| *Dressing* | *പ്രസാധനം (ചെത്തിയൊരുക്കൽ)* |
| *Drift* | *ഒഴുക്ക്, ഒഴുകിപ്പോകുന്ന വസ്തു.* |
| *Drill* | *തമര്, തുളയ്ക്കൽ* |
| *Drizzle* | *ചാറൽ* |
| *Drops* | *തുള്ളികൾ* |
| *Drop hammer* | *വീഴുംകൂടം* |
| *Drought severity* | *വരൾച്ചാ കാഠിന്യം* |
| *Dry out* | *ശുഷ്ക അപക്ഷയം* |
| *Dry process* | *ശുഷ്ക പ്രക്രിയ* |
| *Dry rubble masonry* | *പാറയടുക്കൽ* |
| *Duet* | *സ്രോതസ്സ്, ചാൽ* |
| *Durability* | *ഈട്* |
| **E** | |
| *Earth dam* | *മൺ അണ* |
| *Earth pressure* | *ഭൗമ മർദ്ദം* |
| *Earth slop* | *ഭൗമ ചരിവ്* |
| *Earth work* | *മൺവേല* |
| *Ease water* | *ആയാസ രഹിത ജല നിർഗ്ഗമനം* |
| *Eave board* | *തൂവാനപ്പലക* |
| *Eccentric* | *വികേന്ദ്രകം* |
| *Edge* | *വശം, വക്ക്* |
| *Efflorescence* | *പരിചൂർണ്ണനം* |
| *Effluents* | *പുറത്തേക്കൊഴുകുന്ന* |

| | |
|---|---|
| Elongation | വലിച്ചുനീട്ടൽ |
| Elastic theory | ഇലാസ്തികതാ സിദ്ധാന്തം |
| Electric process | വൈദ്യുത സമ്പ്രദായം |
| Electrical conductivity | വൈദ്യുതി വാഹക ശേഷി |
| Elevation | ഉയരത്തിൽ |
| Elimination | ഒഴിവാക്കൽ, ദൂരീകരണം |
| Embankment | അണക്കെട്ട് |
| Encroachment | കൈയ്യേറ്റം |
| Endogenous | അന്തർജാതമായ |
| Energy | ഊർജ്ജം |
| Environment | പരിസ്ഥിതി |
| Ephemeral Stream | അല്പകാലിക നദി |
| Equation | സമവാക്യം |
| Equidistant | സമദൂരം |
| Equilateral arch | സമഭുജകമാനം |
| Equilibrium | സമനില, സന്തുലിതാവസ്ഥ, സന്തുലനം, സാമ്യസ്ഥിതി, സാമ്യം |
| Equipotential line | സമശീർഷക രേഖ |
| Erosion | ഒലിച്ചുപോക്ക് |
| Estimate | അടങ്കൽ, എസ്റ്റിമേറ്റ് |
| Etta | ഈറ്റ |
| Evaporation | ബാഷ്പീകരണം |
| Excavation | ഖനനം, വാനം കുഴിക്കൽ, കുഴിച്ചെടുക്കൽ |
| Execution of works | പ്രവൃത്തി നിർവ്വഹണം |
| Executive Engineer | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| Exogenous | പുറംജാത |
| Expansion | വികാസം |
| Expenditure | ചെലവ്, വ്യയം |
| Exploitation | ചൂഷണം |
| Exploration | പര്യവേക്ഷണം, അന്വേഷണം, പര്യന്വേഷണം |
| Explosion | സ്ഫോടനം, പൊട്ടിത്തെറി |
| Explosives | സ്ഫോടകവസ്തുക്കൾ |
| Expose | തുറന്ന |
| Expose for sale | വിൽപ്പനയ്ക്ക് പ്രദർശിപ്പിക്കുക |
| **F** | |
| Facility | സൗകര്യം |
| Factor | ഘടകം |
| Factor of safety | സുരക്ഷാങ്കം |

| | |
|---|---|
| Feasibility | സാദ്ധ്യത, പ്രയോഗക്ഷമത |
| Fertile | ഫലഭൂയിഷ്ടമായ |
| Field | പാടം, നിലം, വയൽ |
| Field Book | ഫീൽഡ് ബുക്ക് |
| Field channels | വയൽത്തോടുകൾ |
| Figure | രൂപം (അക്കം), ആകൃതി. |
| Filter | അരിപ്പ് |
| Final payments | പണം കൊടുത്തുതീർക്കൽ |
| Final setting time | അന്തിമ ഉറയ്ക്കൽ സമയം |
| Financial sanction | സാമ്പത്തികാനുമതി, ധനകാര്യാനുമതി |
| Financial year | സാമ്പത്തികവർഷം |
| Fine aggregate | മിനുസമുള്ള മണൽത്തരി |
| Fine gravel | സൂക്ഷ്മചരൽ |
| Fineness modulus method | സൂക്ഷ്മതാ മോഡുലസ് രീതി |
| Firebrick | അഗ്നിസഹേഷ്ടിക |
| Fire clay | അഗ്നിസഹകളിമണ്ണ് |
| Fish ladder | മത്സ്യകോണി |
| Fissures | വിദരങ്ങൾ |
| Flank | പാർശ്വം |
| Flashflood | ആകസ്മിക വെള്ളപ്പൊക്കം |
| Flat arches | പരന്ന കമാനങ്ങൾ |
| Flatter | നിരപ്പായ |
| Flight of steps | കോണീപംക്തി |
| Float | പ്ലവകം/പൊങ്ങിക്കിടക്കുക |
| Floatation | പ്ലവനം/പൊങ്ങിക്കിടക്കൽ |
| Floating bodies | പ്ലവകങ്ങൾ |
| Flood abatement | വെള്ളപ്പൊക്ക ശമനം |
| Flood Control | വെള്ളപ്പൊക്കനിയന്ത്രണം |
| Flood Control dam | വെള്ളപ്പൊക്കനിയന്ത്രണ അണക്കെട്ട് |
| Flood damage | വെള്ളപ്പൊക്കംമൂലമുള്ള വിനാശം |
| Flood level | വെള്ളപ്പൊക്ക വിതാനം |
| Flotilla | ബോട്ടുകൾ, വള്ളങ്ങൾ ഇവയുടെ കൂട്ടം |
| Flow | ഒഴുക്ക്, ചോർച്ച, പ്രവഹിക്കുക, പ്രവാഹം |
| Flush joint | പതിഞ്ഞസന്ധി |
| Flux | ഗാലകം |
| Flying shore | കോൺതാങ്ങ് |
| Footing | പാദങ്ങൾ |
| Force | ബലം |

| | |
|---|---|
| Form work | തട്ടുതറയ്ക്കൽ |
| Forester | വനപാലകൻ, ഫോറസ്റ്റർ |
| Forest fire | കാട്ടുതീ |
| Foundation | അസ്തിവാരം |
| Frame work | ചട്ടക്കൂട് |
| Free board | ജലരഹിത ഭാഗം |
| Frequency | ആവൃത്തി, ആവർത്തനനിരക്ക് |
| Friction | ഘർഷണം |
| Furnace | ചൂള |
| Furrow irrigation | ഉഴവുചാൽ ജലസേചനം. |
| **G** | |
| Gate | വാതിൽ |
| Guage | മാപിനി |
| Geohydrology | ഭൂജല വിജ്ഞാനം |
| Geological data | ഭൗമശാസ്ത്ര വിവരം |
| Geometry | ക്ഷേത്ര ഗണിതം |
| Geophysical Investigation | ഭൂഭൗതിക പരിശോധന |
| Gill | ദ്രാവക അളവ് |
| Global warming | ആഗോള താപനം |
| Grade | തരം |
| Gradient | ചരിവുമാനം |
| Grain | തരി |
| Granite | കരിങ്കൽ |
| Granule | കണം |
| Graph | ലേഖ, ഗ്രാഫ് |
| Gravel | ചരൽ |
| Gravity | ഭൂഗുരുത്വം |
| Gravity dam | ഭൂഗുരുത്വ അണക്കെട്ട് |
| Grid | വല |
| Grillage foundation | അഴി അസ്ഥിവാരം |
| Grinding mills | അരപ്പ് യന്ത്രങ്ങൾ |
| Groins | ലംബനിർമ്മിതി |
| Ground level | ഭൂനിരപ്പ് |
| Ground water resources | ഭൂഗർഭ ജലസ്രോതസുകൾ |
| Guide banks | ഗതി നിയന്ത്രക കെട്ടുകൾ |
| Guide lines | മാർഗ്ഗനിർദ്ദേശങ്ങൾ |
| Gypsum | ജിപ്സം |

| | |
|---|---|
| ***H*** | |
| *Hand rail* | കൈപ്പിടി |
| *Hand receipt* | കൈപ്പറ്റുചീട്ട് |
| *Hard rock* | കടുംപാറ |
| *Haunch* | വശവ് |
| *Head of water* | ജലോന്നതി |
| *Heart wood* | കാതൽ |
| *Heat of hydration* | ജലയോജന താപം |
| *Homogeneity* | സജാതീയത |
| *Heritage* | പൈതൃക |
| *Heritage site* | പൈതൃക സ്ഥലം |
| *Hexagon* | ഷഡ്ഭുജം |
| *High alumina cement* | അലൂമിന സിമന്റ് |
| *High Grade* | മുന്തിയതരം, ഉയർന്നതരം |
| *High level committee* | ഉന്നതതല സമിതി |
| *High way* | മുഖ്യപാത, ദേശീയപാത, ഹൈവേ |
| *Hinges* | വിജാഗിരി |
| *Hip* | പരമോന്നതി |
| *Hire* | വാടക |
| *Hoisting* | ഉയർത്തൽ |
| *Holdfast* | ബന്ധദണ്ഡ് |
| *Hollowbrick* | പൊള്ളയിഷ്ടിക |
| *Homogeneous* | ഏകാത്മകം/ഏകജാതീയമായ |
| *Hood siphon* | ദൃശ്യരഹിത കുഴൽ |
| *Hook* | കൊളുത്ത് |
| *Horizontal blasting* | തിരശ്ചീന ബ്ലാസ്റ്റിംഗ് |
| *Hydrologic cycle* | ജലചക്രം |
| *Hydrostatic pressure* | സ്ഥിതദ്രവ മർദ്ദം |
| *Hydroscope* | ജലഗ്രാഹി |
| *Hypotenuse* | കർണ്ണം |
| ***I*** | |
| *Igneous rocks* | ആഗ്നേയ ശിലകൾ |
| *Impact* | അനന്തരഫലം |
| *Impermeable* | അതാര്യം |
| *Impervious* | അപ്രവേശ്യം |
| *Implementation* | നടപ്പാക്കൽ |

| | |
|---|---|
| Implementation Officer | നിർവ്വഹണോദ്യോഗസ്ഥൻ |
| Impressed force | നിഹിത ബലം |
| Imprest | മുൻകൂർ തുക |
| Impulse | ആവേഗം |
| Inclined | ചരിഞ്ഞ |
| Indentured labourer | കരാർ ജോലിക്കാരൻ |
| Indent transfer memo | ഇൻഡന്റ് കൈമാറ്റ അറിയിപ്പ് |
| Indent item | അവശ്യഇനം, ഇൻഡന്റ് ഇനം. |
| Indent | ആവശ്യപത്രം, ഇൻഡന്റ് |
| Indicator | സൂചകം, സൂചകൻ |
| Induced recharge | പ്രേരിത പുന:പൂരണം |
| Industrial pollution | വ്യാവസായിക മലിനീകരണം |
| Infiltration | ചോർച്ച |
| Inflow | അകത്തേക്കൊഴുകൽ |
| Infrastructure | അടിസ്ഥാന സൗകര്യം |
| Infrastructure development | അടിസ്ഥാന സൗകര്യ വികസനം |
| Inland Navigation | ഉൾനാടൻ ജലഗതാഗതം |
| Inlet | പ്രവേശനമാർഗ്ഗം |
| Inspection gallery | പരിശോധനാ ഗാലറി |
| Intake | അന്തർ ഗ്രഹണം, പ്രവേശനം |
| Intensity | തീവ്രത |
| Intercept | അന്തഖണ്ഡം |
| Interflow | അന്തർപ്രവാഹം |
| Inverted arch | വിപരീതകമാനം, കീഴ്മേൽകമാനം |
| Investigation | അന്വേഷണം |
| Irrigator | ജലസേചകൻ |
| Irrigation | ജലസേചനം |
| Isolated footing | വെവ്വേറെ അടിക്കെട്ട് |
| Isotherm | സമോഷ്ണ രേഖ |
| **J** | |
| Jack hammer | യന്ത്രച്ചുറ്റിക |
| Jaw | താടി |
| Jet | ധാര (പ്രവാഹം) |
| Jetty | വള്ളക്കടവ് |
| Joint | സന്ധി, സംയുക്ത, |
| Joint Account | സംയുക്ത കണക്ക് |

| | |
|---|---|
| *Jurisdiction* | അധികാരപരിധി, അധികാരാതിർത്തി |
| ***K*** | |
| *Karez* | അന്തർവാഹക തുരങ്കം |
| *Keystone* | ആണിക്കല്ല് |
| *Kharif* | ഏപ്രിൽ സെപ്തംബർ കൃഷി, ഖാരിഫ് |
| *Kiln* | ചൂള |
| *Kinetics* | ചലനശക്തി |
| ***L*** | |
| *Lake* | തടാകം |
| *Lake basin* | കായൽ നീർത്തടം |
| *Laminar* | ദളാകാരം |
| *Laminated* | പടലിതം, ലാമിനേറ്റ് ചെയ്ത |
| *Land reclamation* | ഭൂമിവീണ്ടെടുക്കൽ |
| *Land tax* | ഭൂനികുതി, ഭൂമിക്കരം |
| *Landing* | ഇടത്തട്ട് |
| *Lascar* | ലസ്ക്കർ |
| *Lateral* | പാർശ്വികം |
| *Laterite* | വെട്ടുകല്ല് |
| *Latitude* | അക്ഷാംശം |
| *Latus rectum* | കേന്ദ്ര ലംബം |
| *Layer* | വരിവയ്ക്കൽ, ആവരണം |
| *Layout* | ആലേഖനം |
| *Lean-to-roof* | ചായ്പ് മേൽപ്പുര |
| *Ledger* | പേരേട്, ലഡ്ജർ |
| *Left bank* | ഇടതു കര |
| *Liability* | ബാദ്ധ്യത |
| *Light weight concrete* | ലഘു ഭാര കോൺക്രീറ്റ് |
| *Limb* | കാല് |
| *Lime mortar* | കുമ്മായ ചാന്ത് |
| *Lime stone* | ചുണ്ണാമ്പുകല്ല് |
| *Limiting value* | സീമാമൂല്യം |
| *Limnology* | തടാക വിജ്ഞാനം |
| *Line of action* | പ്രവർത്തന പാത, പ്രവർത്തന വഴി, പ്രവർത്തനസരണി, പ്രവർത്തന പഥം, പ്രവർത്തന പന്ഥാവ്. |
| *Lining* | പ്രതല തുലനത |
| *Liquid limit* | ദ്രവപരിധി |
| *Load* | ഭാരം |
| *Location* | സ്ഥാനം, സ്ഥലം |

| | |
|---|---|
| Logarithm | ലഘുബീജ ഗണിതം |
| Longitude | രേഖാംശം |
| Longitudinal | നീളത്തിലുള്ള |
| Longitudinal Section | നേർഛേദം |
| Loop | ബന്ധം, വർത്തുളം, |
| Low Tide | വേലിയിറക്കം |
| Lump-sum | മൊത്തംതുക |
| **M** | |
| Machine | യന്ത്രം |
| Main canal | മുഖ്യകനാൽ |
| Maintenance | അറ്റകുറ്റപ്പണി |
| Major Irrigation | വൻകിട ജലസേചനം |
| Malleable | അടിച്ചുപരത്താവുന്ന |
| Mangalore pattern tile | മംഗലാപുരം ഓടുകൾ |
| Manure | വളം |
| Monsoon | കാലവർഷം |
| Marine | നാവിക സംബന്ധമായ, സമുദ്രസംബന്ധിയായ |
| Market rate . | കമ്പോള നിരക്ക് |
| Marshy land | ചതുപ്പുനിലം |
| Mason | മേസ്തിരി |
| Masonry | കൽപ്പണി |
| Mass | പിണ്ഡം |
| Materials | സാധനസാമഗ്രികൾ |
| Mature | പാകമാകൽ |
| Maximum intensity of flood | ഏറ്റവും കൂടിയ വെള്ളപ്പൊക്ക തീവ്രത |
| Maximum possible flood | സാദ്ധ്യതയുള്ള പരമാവധി വെള്ളപ്പൊക്കം |
| Maximum probable flood | സംഭവ്യമായ പരമാവധി വെള്ളപ്പൊക്കം |
| Maximum water level | പരമാവധി ജലവിതാനം |
| Mazdoor | തൊഴിലാളി, മസ്ദൂർ |
| Mean annual flood | ശരാശരി വാർഷിക വെള്ളപ്പൊക്കം |
| Mean length | ശരാശരി നീളം |
| Measurement | അളവ് |
| Measurement book (M-book) | അളവുപുസ്തകം |
| Mechanical | യാന്ത്രികമായി |
| Medullar rays | മരത്തിലെ വരകൾ |
| Mensuration | മാനമിതി, അളവുശാസ്ത്രം,മാപന ശാസ്ത്രം |

| | |
|---|---|
| *Metacentre* | അപരകേന്ദ്രം |
| *Metal* | ലോഹം |
| *Metamorphosis* | രൂപാന്തരണം |
| *Metamorphic rock* | കായാന്തരിത ശില |
| *Meteriology* | അന്തരീക്ഷ ശാസ്ത്രം |
| *Mica* | അഭ്രം |
| *Mill* | യന്ത്രകല |
| *Mineral earth* | ഖനിജ മണ്ണ് |
| *Minimum voids method* | പൊള്ളയില്ലാത്ത രീതി |
| *Minor Irrigation* | ചെറുകിട ജലസേചനം |
| *Miscellaneous* | പലവക |
| *Miscellaneous deposit* | പലവക നിക്ഷേപം |
| *Moisture* | ഈർപ്പം |
| *Monument* | സ്മാരകം |
| *Monsoon* | കാലവർഷം |
| *Mortar* | ചാന്ത് |
| *Motion* | ചലനം |
| *Motor* | മോട്ടോർ (ചെറുയന്ത്രം) |
| *Moulding* | വാർക്കൽ |
| *Movable bridge* | ചലിപ്പിക്കാവുന്ന പാലങ്ങൾ |
| *Mud Banks* | ചെളിവരമ്പ് |
| ***N*** | |
| *Nallah* | ചെറിയ അരുവി |
| *Natural bed* | പ്രകൃതിജന്യ തലം |
| *Navigation* | ജലഗതാഗതം (ഉരുമാർഗ്ഗം) |
| *Negotiation* | നീക്കുപോക്ക് (ഉടമ്പടി) |
| *Net profit* | അറ്റാദായം |
| *Newel* | സോപാനസ്തംഭം |
| *Nibs* | മുഴകൾ |
| *Nominal* | നാമമാത്രമായ |
| *Nosing* | പടിമുക്ക് |
| *Notation* | അങ്കനം/അടയാളപ്പെടുത്തൽ |
| ***O*** | |
| *Oblique* | വളഞ്ഞ വികർണ്ണമായ, ചായ്‌വുള്ള |
| *Obtuse* | സ്ഥൂലാഗ്രം |
| *Offset* | ലംബാന്തരം, ഓഫ് സെറ്റ് |

| | |
|---|---|
| Ogee arch | ഓഗി കമാനം |
| OMC optimum moisture content | കിനിവ് പരിധി |
| Oozing out | സ്രവിക്കൽ |
| Open well | സാധാരണ കിണർ |
| Operator | പ്രവർത്തകൻ |
| Optimum | പരിധി |
| Ordinate | കോടിരേഖ |
| Orientation | ലക്ഷ്യംവെയ്ക്കൽ |
| Ortho center | ഉന്നതികേന്ദ്രം |
| Oscillation | ദോലനം, കമ്പനം |
| Osmosis | അഭിസൂരണം (വലിച്ചെടുക്കൽ) |
| Overbank flow | മേൽത്തീരപ്രവാഹം |
| Over burnt | അധികംവെന്ത |
| Over flow | ഉപരിപ്രവാഹം |
| Over flow spill way | ഉപരിപ്രവാഹ സ്പിൽ വേ |
| Overland flow | കരപ്രവാഹം |
| Overseer | മേൽനോട്ടക്കാരൻ |
| Oxidation | ഓക്സീകരണം. |
| **p** | |
| Paddy field | നെൽപ്പാടം |
| Pallet moulding | വയ്ക്കോൽമൂശ |
| Plain tile | പാത്തിയോട് |
| Parabola | പരവലയം, അനുവൃത്തം |
| Parallel | സമാന്തരം |
| Parapet | ചെറുമതിൽക്കെട്ട് |
| Partition walls | ഇടച്ചുമരുകൾ |
| Passage | വഴി |
| Paste | കുഴമ്പ് |
| Paving | പാകൽ |
| Percentage | ശതമാനം |
| Percolation | ഊർന്നിറങ്ങൽ |
| Percussion boring | ആഘാതതുരക്കൽ |
| Perennial | സദാ ഒഴുകുന്ന |
| Perennial stream | വറ്റാത്ത അരുവി |
| Periphery | വൃത്തപരിധി, പരിവൃത്തം |
| Permeable | സുതാര്യമായ |
| Permissible | അനുവദനീയമായ |

| | |
|---|---|
| Perpendicular | ലംബം |
| Perspiration | സ്വേദം, വിയർപ്പ് |
| pesticide | കീടനാശിനി |
| petty | അപ്രധാനമായ, നിസ്സാരമായ |
| phenomenon | പ്രതിഭാസം |
| Pier | മുട്ടുകാൽ |
| Pig iron | കാരിരുമ്പ് |
| Pigments | വർണ്ണകങ്ങൾ |
| Pile | കുറ്റിക്കാൽ |
| Pillars | തൂണുകൾ |
| Pipe | കുഴൽ |
| pipeline | പൈപ്പ്ലൈൻ |
| Pit | കുഴി |
| Pitching | പാകി ഉറപ്പിക്കൽ |
| Pivot | ആധാരസ്ഥാനം |
| plan | പദ്ധതി (രൂപരേഖ) |
| plaster | ചാന്ത് |
| Plastering | പൂശൽ |
| Plinth | ഭിത്തിമൂലം |
| Plinth area | തറവിസ്തീർണ്ണം, പ്ലിന്ത് ഏരിയ |
| Plump line | തൂക്കുരേഖ |
| Point of contact | സ്പർശ ബിന്ദു |
| Polished dressing | മിനുക്കപ്രസാധനം |
| Pond | കുളം |
| Population | ജനസംഖ്യ |
| Pore | രന്ധ്രം |
| Porosity | സരന്ധ്രത |
| Porous granular | സരന്ധ്ര കണിക |
| Post tensioning | പിൻ വലിവ് സമ്മർദ്ദപ്പെടുത്തൽ |
| Pot tiles | പാന ഓട് |
| Potential difference | സ്ഥാനികാന്തരം |
| Potomology | നദീവിജ്ഞാനം |
| Power | ശക്തി |
| Pre-cast | മുമ്പ് വാർത്തത് |
| Pre-cast concrete | പൂർവ്വ നിർമ്മിത കോൺക്രീറ്റ് |
| Preliminary | പ്രാഥമികം |
| Preliminary investigation | പ്രാഥമിക നിരീക്ഷണം |
| Preservation | പരിരക്ഷണം |

| | |
|---|---|
| *Pressure* | മർദ്ദം |
| *Pre-stressed concrete* | പൂർവ്വപ്രബലിത കോൺക്രീറ്റ് |
| *Prevailing* | നടപ്പിലുള്ള |
| *Primary* | പ്രാഥമിക |
| *Prime cost* | പ്രാരംഭത്തുക |
| *Probable amount* | സംഭവ്യത്തുക |
| *Procedure* | നടപടിക്രമം |
| *Profile* | പാർശ്വവീക്ഷണം |
| *Project* | പദ്ധതി |
| *Proportional* | ആനുപാതികം |
| *Provisional* | താൽക്കാലികമായ |
| *Pucca* | സ്ഥാവരമായ |
| *Puddle clay* | കുഴഞ്ഞ കളിമണ്ണ് |
| *Pump* | പമ്പ് (ജലം ഉയർത്തൽ) |
| *Purchase* | വാങ്ങൽ |
| *Q* | |
| *Quadratic* | ദ്വിമാനം |
| *Quality control* | ഗുണനിലവാരനിയന്ത്രണം, ഗുണനിലവാരം ഉറപ്പുവരുത്തൽ |
| *Quantity* | പരിമാണം (അളവ്) |
| *Quarry* | പാറമട |
| *Quarry dust* | പാറപ്പൊടി |
| *Quarry faced* | മടമുഖമായ |
| *Quarrying* | ഉൽഖനനം |
| *Quartz* | വെള്ളാരംകല്ല് |
| *Queen post truss* | ഓരത്തൂൺ, മേൽക്കൂരത്താങ്ങ് |
| *Quick lime* | നീറ്റുചുണ്ണാമ്പ് |
| *Quick setting cement* | ദ്രുതദൃഢീകൃത സിമന്റ് |
| *Quoin* | മൂലക്കല്ല്. |
| **R** | |
| *Rabi* | ഒക്ടോബർ – മാർച്ച് കൃഷി |
| *Radial* | വ്യാസാർദ്ധം |
| *Radius gyration* | ചുറ്റൽആരം |
| *Rail* | കൈവരി |
| *Rainfall* | മഴവീഴ്ച |
| *Raingauge* | മഴമാപിനി, മഴയളവുയന്ത്രം |

| | |
|---|---|
| *Rainshadow* | മഴനിഴൽ |
| *Rainfall excess* | അധിക വർഷപാതം |
| *Rain water harvesting* | മഴവെള്ള സംഭരണം |
| *Raking bond* | ചരിച്ചുകെട്ട് |
| *Rammer* | ഇടിക്കട്ട |
| *Rate* | നിരക്ക് |
| *Reaction* | പ്രതിപ്രവർത്തനം |
| *Recast* | ഉടച്ചുവാർത്ത |
| *Recharge* | പുന:പൂരണം |
| *Recommendation* | ശിപാർശ |
| *Recovery* | ഈടാക്കൽ, വീണ്ടെടുക്കൽ, വസൂലാക്കൽ |
| *Red oxide* | ചെങ്കാവി |
| *Refractory* | വ്യതിയാനംവന്ന |
| *Regulation* | നിയന്ത്രണം |
| *Rehabilitation* | പുനരധിവാസം |
| *Reinforcement* | പ്രബലനം |
| *Reinforced cement concrete* | പ്രബലിത സിമന്റ് കോൺക്രീറ്റ് |
| *Rejuvenation* | പുനരുജ്ജീവിപ്പിക്കൽ |
| *Repair* | അറ്റകുറ്റപ്പണി |
| *Reservoir* | ജലസംഭരണി |
| *Resistance of abrasion* | അപഘർഷണ രോധം |
| *Resistance of attrition* | തേയ്മാന രോധം |
| *Resonance* | അനുസ്വനം |
| *Resultant force* | പരിണിത ബലം |
| *Retaining wall* | സംരക്ഷണ ഭിത്തി |
| *Retreat* | പിൻവാങ്ങൽ |
| *Return period* | പ്രത്യാഗമനം കാലം |
| *Revetment* | സംരക്ഷണകെട്ട് |
| *Revised estimate* | പുതുക്കിയ എസ്റ്റിമേറ്റ്, പുനരടങ്കൽ |
| *Rib* | പ്രധാന തുലാം |
| *Ridge* | മോന്തായം |
| *Ridge frame bridges* | ദൃഢമുഖപാലങ്ങൾ |
| *Rigidity* | ദൃഢത |
| *Ring bund* | വർത്തുള ബണ്ട് |
| *Riser* | ആരോഹി |
| *River basin* | നദീതടം |
| *River valley* | നദീതാഴ്‌വാരം |
| *Rock fill dam* | കല്ലണക്കെട്ട് |

| | |
|---|---|
| *Roof* | മേൽപ്പുര |
| *Roofing tiles* | മേച്ചിലോടുകൾ |
| *Rolled sted joist* | ഉരുക്കുതുലാം |
| *Rolling* | ചുരുളലുള്ള |
| *Rooting* | വേരെടുക്കൽ |
| *Rotary kiln* | റോട്ടറി ചൂള |
| *Run off* | ഒഴുക്ക് |
| *Rust* | തുരുമ്പ് |
| **S** | |
| *Saddle siphon* | അടിപ്പാതാ കനാൽ |
| *Safe limit* | സുരക്ഷാപരിധി |
| *Safety fuse* | രക്ഷാഫ്യൂസ് |
| *Salt affected* | ഉപ്പുവെള്ളബാധിതം |
| *Salt exclusion* | ഉപ്പ് പുറത്താക്കൽ |
| *Sand* | മണൽ |
| *Sand cushion* | മണൽ സംരക്ഷിത |
| *Sand lime* | മണൽക്കുമ്മായം |
| *Sand plant* | മണലൂറ്റ് കേന്ദ്രം |
| *Sand stone* | മണൽ മിശ്രിതക്കല്ല് |
| *Sanitary* | മലിനജല സംബന്ധിയായ |
| *Sap wood* | മരജലം |
| *Saturation* | പൂർത്തീകരണം |
| *Scaffolding* | ചാരം കെട്ടൽ |
| *Scale* | തോത് |
| *Scantling* | കഷണങ്ങൾ |
| *Schedule* | പട്ടിക |
| *Schedule of rates* | നിരക്കുപട്ടിക |
| *Scheme* | പദ്ധതി |
| *Scouring* | കുത്തിയൊലിക്കൽ |
| *Sea level* | സമുദ്രനിരപ്പ് |
| *Seasonal* | കാലാനുസൃതം |
| *Seasoning* | പാകമാക്കൽ |
| *Sea wall* | കടൽഭിത്തി |
| *Sea water intrusion* | ഉപ്പുജലംകയറൽ |
| *Security deposits* | കരുതൽ നിക്ഷേപം |
| *Sedimentation* | അടിയിലുറയ്ക്കൽ |
| *Sediment load* | ഊറൽ ഭാരം |

| | |
|---|---|
| seepage | കിനിഞ്ഞിറങ്ങൽ |
| Seepage plain | കിനിവുതലം |
| Segregate | വേർതിരിച്ചുനിർത്തുക, വേർതിരിച്ചുകാണിക്കുക |
| Semiarid | അർദ്ധ ആർദ്രം |
| Semi circular arch | അർദ്ധ വൃത്തകമാനം |
| Semi through bridge | ഇടത്തട്ടുപാലം |
| Sensitive | സംവേദക |
| Setting time | ഉറയ്ക്കൽ സമയം |
| Shaft | തണ്ട് |
| Shafts | നെടുംതുരങ്കം |
| Shoring | താങ്ങിടൽ |
| Shovel | മൺകോരിക |
| Shrink | ചുരുങ്ങൽ |
| Shuttering | അടയ്ക്കൽ (തട്ടടി) |
| Side protection | പാർശ്വസംരക്ഷണം |
| Siliceous | സിലിക്കാമയ |
| Silt | ചേറ് |
| Silt ejector | ചെളി പുറത്താക്കൽ മാർഗ്ഗം |
| Silty soil | എക്കൽ മണ്ണ് |
| Simple harmonic motion | ലംബ വ്യാപൃതി |
| Siphon | സൈഫൺ |
| Site | ജോലിസ്ഥലം |
| Siteplan | സ്ഥലരേഖ |
| Sken | കുടിലം |
| Skew | ഏങ്കോൺ |
| Skew bridge | ഏങ്കോൺ പാലം |
| Skill | പ്രാവീണ്യം |
| Slab | പലവക (കോൺക്രീറ്റ്) |
| Sliding friction | നിരങ്ങൽ ഘർഷണം |
| Sliding | നിരങ്ങുന്ന |
| Slop | ചരിവ് |
| Sluice valve | ജലനിർഗ്ഗമന നിയന്ത്രകം |
| Sluice gate | ചീപ്പ് |
| Socio economic development | സാമൂഹിക സാമ്പത്തിക വികസനം |
| Soil | മണ്ണ് |
| Soil conservation | മണ്ണ് സംരക്ഷണം |
| Soil erosion | മണ്ണൊലിപ്പ് |
| Soil metric potential | മണ്ണിന്റെ അന്തർലീന ശക്തി |

| | |
|---|---|
| *Soil water zone* | ഭൂജലമേഖല |
| *Solid* | ഘനവസ്തു |
| *Soundness* | നിർദോഷത, സമ്പൂർണ്ണത |
| *Span* | തുറപ്പ് |
| *Spill way* | ജലനിർഗ്ഗമനമാർഗ്ഗം |
| *Spiral stair case* | പിരിയൻ കോണിപ്പടി |
| *Split stone* | മുറിക്കല്ല് |
| *Spread foundation* | വിസ്തൃത അസ്ഥിവാരം |
| *Spring* | നീരുറവ |
| *Squeezing machine* | പിഴിയൽ യന്ത്രം |
| *Stacking* | അട്ടിയടുക്കൽ |
| *Stainless steel* | തുരുമ്പുപിടിക്കാത്ത ഉരുക്ക് |
| *Stair case* | പടിക്കെട്ട് |
| *Statement of facts* | കാര്യവിവര പത്രിക |
| *Static* | സ്ഥായിയായ |
| *Staunching bar* | ഉറപ്പിക്കൽ കമ്പി |
| *Steam hammer* | ആവികൂടം |
| *Stepped arch* | പടവുകമാനം |
| *Stirrup* | കൊളുത്ത് |
| *Stop cock* | പ്രവാഹനിയന്ത്രകം |
| *Stone mason* | കല്ലാശാരി |
| *Storage* | സംഭരണം |
| *Straight bridge* | നേർപ്പാലം |
| *Stratified* | സ്തരിതം, പാളികളായുള്ള |
| *stratum* | പാളി |
| *Stream* | അരുവി |
| *Stream flow* | അരുവി പ്രവാഹം |
| *Strength* | ബലം (ഉറപ്പ്) |
| *Stretcher bond* | പട്ടിക കെട്ട് |
| *Surface rainoff* | പ്രതല അപവാഹം |
| *Surplus escape* | അധികജല നിർഗ്ഗമന മാർഗ്ഗം |
| *Sustainable development* | സുസ്ഥിര വികസനം |
| ***T*** | |
| *Technical committee* | സാങ്കേതിക സമിതി |
| *Technical sanction* | സാങ്കേതികാനുമതി |
| *Theoretical* | താത്വികം, സൈദ്ധാന്തികമായ |
| *Thermal conductivity* | താപചാലകത |

| | |
|---|---|
| Thermo dynamics | താപഗതിശാസ്ത്രം |
| Thickness | കനം |
| Thorny | മുള്ളുനിറഞ്ഞ |
| Three centered arch | ത്രികേന്ദ്ര കമാനം |
| Through bridge | അടിത്തട്ടുപാലം |
| Through fall | സതതപതനം |
| Through stone | ആണിക്കല്ല് |
| Time limit | സമയപരിധി |
| Time of concentration | കേന്ദ്രീകരണകാലം |
| Time schedule | സമയപട്ടിക |
| Toe | പാദാഗ്രം |
| Tools and plants | സാധനസാമഗ്രികൾ |
| Top width | മുകൾവീതി |
| Topography | സ്ഥല പ്രകൃതി വിവരണം |
| Trapezoidal | സമലംബനിയമം |
| Transfer entries | കൈമാറ്റരേഖകൾ |
| Transformation | രൂപാന്തരം |
| Translucent | അർദ്ധതാര്യം |
| Transpiration | ബാഷ്പോത്സർജനം |
| Trapezium | സമലംബകം |
| Tread | ചുവട് |
| Trench | കുഴി |
| Trial | പരീക്ഷണാർത്ഥം |
| Triangulation | ത്രികോണീകരണം |
| Tripod | ത്രിപാദി, മുക്കാലി |
| Tropical | സമശീതോഷ്ണ |
| Trough | വലിയപാത്രം |
| Trowel | കരണ്ടി, കോരിക |
| Tube well | കുഴൽ |
| Tunnel | തുരങ്കം |
| Tunnel kiln | തുരങ്ക ചൂള |
| Turbidity | കലക്കൽ |
| Turfing | പുൽനട്ടുറപ്പിക്കൽ |
| Type | മാതൃക |
| Type design | മാതൃകാരൂപകൽപ്പന |

| | |
|---|---|
| **U** | |
| Ultimate bearing capacity | പരമാവധിവാഹകശേഷി |
| Under flow | കീഴൊഴുക്ക് |
| Under tunnels | അടിത്തുരങ്കങ്ങൾ |
| Unilateral | ഏക പാർശ്വം, ഏകപക്ഷീയം |
| Unit | ഏകകം |
| Unstratified | അസ്തരിതം |
| Uplift pressure | ഉദ്ധാന മർദ്ദം |
| Upstream side | മേൽച്ചാൽഭാഗം |
| **V** | |
| Vacuum | ശൂന്യം |
| Valley storage | താഴ്‌വാര സംഭരണി |
| Variable velocity | അസമ പ്രവേഗം |
| Variance | വ്യതിയാങ്കം |
| Vented | വാതായനമുള്ള |
| Vertical angle | ശീർഷ കോണം |
| Vertical gates | ലംബകവാടങ്ങൾ |
| Very fine sand | അതിനേർത്ത മണൽ . |
| Vitrifying | കാചനീയ |
| Void | പോടുള്ള (പൊള്ളയായ) |
| Volatile | ബാഷ്പശീലമുള്ള |
| Volume | വ്യാപ്തം |
| Volumetric analysis | വ്യാപ്തമാനരീതി |
| **W** | |
| Wailing beams | കഴകൾ |
| Wall | ചുമർ |
| Wall plate | ഉത്തരം (തടി) |
| Water absorption | ജലാഗിരണം |
| Water conservation | ജലസംരക്ഷണം |
| Water logging | വെള്ളംകെട്ടൽ |
| Water-proof | ജലനിബദ്ധം, വെള്ളംകയറാത്ത |
| Water quality | ജലഗുണനിലവാരം |
| Water security | ജലസുരക്ഷ |
| Water shed | നീർത്തടം |
| Water table | ഭൗമജല നിരപ്പ് |

| | |
|---|---|
| Water tank | ജലസംഭരണി |
| Water year | ആർദ്ര വർഷം |
| Weathering | അപക്ഷയം |
| Weight | തൂക്കം |
| Well | കിണർ |
| Well foundation | കിണർ അസ്ഥിവാരം |
| Wet land | തണ്ണീർത്തടം |
| Wet process | സജലക്രിയ |
| Wet rot | ആർദ്രതാപക്ഷയം |
| Wet year | ആർദ്രവർഷം |
| Wheel and axle | റാട്ടും തണ്ടും |
| Wind load | വായുഭാരം (കാറ്റിന്റെ ശക്തി) |
| Winders | വളവു പടികൾ |
| Wing walls | പാർശ്വമതിലുകൾ |
| Wood | തടി |
| Work load | പ്രവൃത്തിഭാരം, ജോലിഭാരം |
| Working chamber | പണിയറ |
| Works | പ്രവൃത്തികൾ |
| Wrought iron | പച്ചിരുമ്പ്. |
| **Y** | |
| Yard | മുറ്റം |
| Yield strength | ഈടുറപ്പ് |
| Yield | ഈട് |
| Yoke | തിരശ്ചീന തുലാം |

OFFICE OF THE CHIEF ENGINEER * IRRIGATION AND ... * TRIVANDRUM-33

ബിനോയ് ടോമി ജോർജ്ജ്
പെൻ: 508654
ചീഫ് എഞ്ചിനീയർ
ജലസേചനവും ഭരണവും
തിരുവനന്തപുരം